പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2092 26-10-2026-ൽ മറുപടിയ്ക്ക്

നെല്ല് സംഭരണവില യഥാസമയം വിതരണം ചെയ്യാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) നെല്ല് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും അവർക്ക് നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മറുപടി: നെല്ല് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും അവർക്ക് നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിനും സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

i) 2026-27 ഒന്നാം വിള നെല്ല് സംഭരണത്തിനായുള്ള ഓൺലൈൻ കർഷക രജിസ്ട്രേഷൻ 15.08.2026 മുതൽ 30.09.2026 വരെ സപ്ലൈകോ നെല്ല് സംഭരണ പോർട്ടൽ വഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയും വിജയകരമായി പൂർത്തിയാക്കി.

ii) നിലവിൽ 38 മില്ലുകൾ 2026-27 സീസണിലേക്ക് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

iii) സംസ്ഥാനത്ത് ഒന്നാം വിള നെല്ല് സംഭരണം ഒക്ടോബർ ആദ്യവാരം തന്നെ ആരംഭിച്ചിട്ടുണ്ട്. കൊയ്ത്ത് ആരംഭിച്ച പ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് നെല്ല് സമയബന്ധിതമായി സംഭരിക്കുന്നതിനുള്ള ഫീൽഡ് തല നടപടികൾ പുരോഗമിച്ചുവരുന്നു.

iv) പാഡി മാർക്കറ്റിംഗ് ഓഫീസർ (PMO)/ പാഡി ക്വാളിറ്റി അഷ്വറൻസ് ഓഫീസർ (PQAO) സംവിധാനം മുഖേന കർഷക രജിസ്ട്രേഷൻ, ഗുണനിലവാര പരിശോധന, സംഭരണം എന്നിവ ഏകോപിപ്പിച്ചിട്ടുണ്ട്.

v) 2026-27 ഒന്നാം വിളയിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് കാലതാമസമില്ലാതെ നൽകിവരുന്നു. ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ വഴിയുള്ള പി.ആർ.എസ്. വായ്പ വഴിയാണ് നിലവിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് വിതരണം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ